കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ആനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1714/2017
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം, തീയതി : 11.08.2017

Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ആനാട് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ആനാട് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉ. പത്രം സഹിതം),

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം,

3) കാര്യാലയ പകർപ്പ്,
4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1714/2017 തീയതി: 11.08.2017

## തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01/04/16മുതൽ 31/03/2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട | ശ്രീ.എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23-06-2017മുതൽ 01-07-2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. റ്റി. ഷിബു, ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീമതി. സ്വപ്ന. ആർ.കെ, അസി. ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീ. പ്രേംനാഥ്. ജി.കെ, സീ.ഗ്രേഡ് ഓഡിറ്റർ |
| | 4.ശ്രീ. ലിപു എസ്. ലോറൻസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ആനാട് സുരേഷ്,<br>ശ്രീഭഗവതി, പുഷ്പക്കോണം,<br>ആനാട്. പി.ഒ. | 01/04/2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. ജെയിംസ്. പി.ജെ.<br>PLRA-1, TC 4/1146, കവടിയാർ. പി.ഒ. | 01/04/2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി. രമാദേവി. ബി.ആർ.<br>കൃഷ്ണകൃപ, സുവർണ്ണ നഗർ, കുളപ്പട. പി.ഒ.<br>പിൻ-695542 | 01/04/2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. മീര,<br>ആയില്യം, RGR 44,<br>നിറമൺകര, കൈമനം. പി.ഒ. | 01/04/2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശൈലജാ ദേവി | 01/04/2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. മനോജ്കുമാർ. പി.ആർ.<br>സതാര്യ, സാരാഭായി നഗർ-29, കരകുളം. പി.ഒ. | 01/04/2016 മുതൽ 31.03.2017 വരെ |
| | ഡോ. ഹരികുമാർ,<br>ചിത്തിര, അമ്പലമുക്ക്, കവടിയാർ. പി.ഒ. | 01/04/2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. അഖില,<br>ഉത്രാടം, കൊഞ്ചിറ. പി.ഒ.<br>വെമ്പായം | 01/04/2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. വിജയൻ നായർ, നൈമിഷാരണ്യം,<br>ആനാട്. പി.ഒ. | 01/04/2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. കല,<br>ഷീജ ഭവൻ, പഴവടി, നെടുമങ്ങാട് | 01/04/2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീമതി. ലത്തിഫാ ബീവി,<br>ബാക്ക മൻസിൽ, ഹരിത് നഗർ 80A | 01/04/2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ദീപ,<br>നന്ദനം, ബാപ്പൂജി നഗർ,<br>പോങ്ങുംമൂട് | 01/04/2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പത്മജ തോമസ്, സ്കൈലാർക്ക്, ഇരുമരം, കരിപ്പൂർ. പി.ഒ. | 01/04/2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |

| | | | |
|---|---|---|---|
| 12 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ | 2-1 | |
| 13 | D&O ലൈസൻസ് പുതുക്കുന്നതിലെ കാലതാമസം- അധിക ഫീസ് ഈടാക്കുന്നില്ല | 2-2 | |
| 14 | വസ്തുനികുതി | 2-3 | |
| | ഭാഗം 3 | | |
| 15 | ആനാട് ഗവ. എൽ.പി. സ്കൂളിന് ബയോഗ്യാസ് പ്ലാന്റ്-ശുചിത്വ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-1 | |
| 16 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം-പദ്ധതി നടപ്പിലാക്കിയില്ല | 3-2 | |
| 17 | വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികളിലെ അപാകതകൾ | 3-3 | |
| 18 | പി.എച്ച്.സി.ക്ക് മരുന്ന വാങ്ങൽ-1,22,327/-രൂപ തടസ്സം വയ്ക്കുന്നു | 3-4 | |
| 19 | പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ - 2,35,000/- തടസ്സം വയ്ക്കുന്നു. | 3-5 | |
| 20 | പാലിയേറ്റീവ് കെയർ - ജില്ലാ പഞ്ചായത്ത് വിഹിതം കൈമാറിയ തുക-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-6 | |
| 21 | സെക്രട്ടറി മുഖേന നടപ്പിലാക്കിയ പദ്ധതികൾ- അപാകതകൾ | 3-7 | |

| | | | |
|---|---|---|---|
| 22 | ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല | 3-8 | |
| 23 | അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം | 3-9 | |
| | ഭാഗം 4 | | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17സാമ്പത്തിക വർഷത്തെ ബജറ്റ് 23.07.2017തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 13,52,38,243/- രൂപ വരവും 13,13,59,000/-രൂപ ചെലവും 38,79,243/-രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. ബജറ്റ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ

പൊരുത്തപ്പെടുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2017 | 18.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 06.08.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1- 4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 17943648.00 |
| വരവ് | | 58143910.00 |
| ആകെ | | 76087558.00 |
| ചെലവ് | | 55908037.00 |
| നീക്കിയിരിപ്പ് | | 20179521.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 12766520 | 12766520 | 12766520 | 0 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4133499 | 4133499 | 4133499 | 0 | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 14850 | 14850 | 14850 | 0 | |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6075630 | 6075630 | 6075630 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 0 | 448615 | 448615 | 448615 | 0 | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3899822 | 3899822 | 3899822 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7440075 | 7440075 | 7440075 | 0 | |
| എം.ജ.എൻ.ആർ. ഇ.ജി.എസ്. | 4621 | 921919 | 926540 | 915346 | 11194 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 6790207 | 10227180 | 17017387 | 10490662 | 6526725 | |
| ബി ഫണ്ട് | 0 | 1456560 | 1456560 | 1456560 | 0 | |
| തനതു ഫണ്ട് | 11079354 | 10759240 | 21838594 | 8266458 | 13641602 | |
| ക്യാഷ് | 69466 | 0 | 69466 | 0 | 0 | |
| ആകെ | 17943648 | 58143910 | 76087558 | 55908037 | 20179521 | |

തനത് ഫണ്ട് വിശദാംശങ്ങൾ

| ക്രമ നം. | | മുന്നിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | കാനറ ബാങ്ക് | 0 | 3616433 |
| 2 | ആനാട് സർവ്വീസ് സഹകരണ ബാങ്ക് | 11068205 | 10013682 |
| 3 | ട്രഷറി 1-2 | 458 | 458 |
| | ട്രഷറി 1-3 | 1981 | 1981 |

| | | | |
|---|---|---|---|
| | ട്രഷറി 1-4 | 389 | 389 |
| | റിലീഫ് ഫണ്ട് | 3018 | 3140 |
| | സാക്ഷരത | 5303 | 5519 |
| | ആകെ | 11079354 | 13641602 |

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. 2015-16-ലെ AFS പ്രകാരമുള്ള "എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ" ലെ നീക്കിയിരിപ്പ് 2016-17-ലെ Trial Balance-ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
2. വസ്തുനികുതി സംബന്ധമായി പഞ്ചായത്ത് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളിലെ ഡിമാന്റ്, ബാലൻസ് തുകകൾ AFS-ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം ചുവടെ കൊടുത്തിരിക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 70321565 | 117 | 38339316 | 8 | 40 | 70.9% |

# 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയുംപ്രകാരം 213200/-രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3165182 | 3826673 | -661491 |
| നികുതിയേതര വരവുകൾ | 677402 | 689012 | 11610 |

| | | | |
|---|---|---|---|
| മറ്റുവരവുകൾ | 0 | 6243555 | |
| ആകെ | 3842584 | 10759240 | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1075560 | 558 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 380000 | 5 (ഗുണഭോക്താക്കളുടെ എണ്ണം ശരിയായി തിട്ടപ്പെടുത്തിയിട്ടില്ല) |
| കർഷകതൊഴിലാളി പെൻഷൻ | 6726520 | 635 |
| വിധവാപെൻഷൻ | 14958100 | 1407 |
| വാർദ്ധക്യകാലപെൻഷൻ | 17544415 | 17303 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 611880 | 49 |

# 1- 9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23/06/2017 ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3035/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം.

ഇല്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.06.2017 | 01.01.2017 മുതൽ 31.05.2017 വരെ | 30.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.08.2014 | 2011-12 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ

i). വാടക ഈടാക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം - 41352/-രൂപ

ആനാട് ഗ്രാമപഞ്ചായത്തിലെ ചുള്ളിമാനൂർ മാർക്കറ്റ് സ്റ്റാളിൽ 11ഉം, ആനാട് മാർക്കറ്റ് സ്റ്റാളിൽ 8ഉം വീതം കടമുറികളാണ് ഉള്ളത്. ഇവയിൽ 2016-17 സാമ്പത്തിക വർഷത്തിൽ ചുള്ളിമാനൂർ മാർക്കറ്റ് സ്റ്റാളിലെ 9-ാം നമ്പർ കടമുറി ആനാട് മാർക്കറ്റ് സ്റ്റാളിലെ 7,8 എന്നീ കടമുറികൾ എന്നിവയുടെ വാടക നാളിതുവരെ പിരിച്ചെടുത്തിട്ടില്ല. കൂടാതെ ആനാട് മാർക്കറ്റ് സ്റ്റാളിലെ 3കടമുറികൾ ഒഴിഞ്ഞു കിടക്കുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയൽ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ചുള്ളിമാനൂർ മാർക്കറ്റ് സ്റ്റാൾ 9-ാം നമ്പർ കടമുറി ശ്രീമതി. ലീന. എൽ, മണലുവിള എന്ന വ്യക്തിക്ക് 2344/-രൂപ പ്രതിമാസ നിരക്കിൽ വാടകയ്ക്ക് നൽകിയിരിക്കുന്നു എങ്കിലും വാടക അടച്ചില്ല എന്നു മാത്രമല്ല വാടക്കരാറും ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ 2344 x 12 = 28128/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ആനാട് മാർക്കറ്റ് സ്റ്റാളിലെ 7,8 എന്നീ കടമുറികൾ 551/-രൂപ നിരക്കിൽ ശ്രീ. ബാബുരാജ് എന്ന വ്യക്തിക്ക് നൽകിയിരിക്കുന്നു. ടിയാളും നാളിതുവരെ വാടക അടച്ചിട്ടില്ല. ഈയിനത്തിൽ 13,224/-രൂപയുടെ നഷ്ടവും കണക്കാക്കുന്നു. ഈ

വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വ്യക്തികളുടെ മേൽ തുടർനടപടികൾ ത്വരിതപ്പെടുത്തി മേൽപ്പറഞ്ഞ നഷ്ടം പലിശയടക്കം ഈടാക്കേണ്ടതാണ്.

ii) കടമുറികൾ ഒഴിഞ്ഞു കിടക്കുന്നതു മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ആനാട് മാർക്കറ്റ് സ്റ്റാളിലെ 4, 5, 6 എന്നീ നം. കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു. ഇവയിൽ 4,5 എന്നിവ ഓഗസ്റ്റ് 2015 മുതലും 6-ാം നമ്പർ മുറി മെയ് 2015 മുതലും ഒഴിഞ്ഞുകിടക്കുന്നു. ഇത് സംബന്ധിച്ച് 4-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ, മേൽപ്പറഞ്ഞ കടമുറികളുടെ വാടകക്കാർക്ക് കട നടത്താൻ താല്പര്യമില്ലാത്തതിനാൽ കാലാവധി പൂർത്തിയാക്കാതെ കരാറിൽ നിന്നും പിൻവാങ്ങുകയും, പിന്നീട് ഭരണസമിതി തീരുമാന പ്രകാരം പ്രസ്തുത കടമുറികളെ വാടകയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു എന്ന് പറഞ്ഞിരിക്കുന്നു. തുടർന്ന് 2016-17 സാമ്പത്തിക വർഷത്തിൽ 16.06.2016-ൽ നടന്ന ലേലത്തിലും, 27.10.2016-ൽ നടന്ന പുനർലേലത്തിലും ടി കടമുറികൾ ഏറ്റെടുത്ത് നടത്താൻ ആളിനെ കിട്ടാതെ വന്ന സാഹചര്യത്തിൽ പ്രസ്തുത സാമ്പത്തിക വർഷവും കടമുറികളെ ഒഴിവാക്കാൻ ഭരണസമിതി തീരുമാനിച്ചു എന്ന് അറിയിച്ചിരിക്കുന്നു. ഈയിനത്തിൽ ഏകദേശം 40,000/-രൂപ പഞ്ചായത്തിന് നഷ്ടം ഉണ്ടാകുന്നു. ആനാട് മാർക്കറ്റ് സ്റ്റാൾ സ്ഥിതി ചെയ്യുന്ന പ്രദേശത്ത് മഴക്കാലത്ത് വെള്ളം കയറുന്നതിനാലും, കടമുറികളിൽ ഇലക്ട്രിസിറ്റി കണക്ഷൻ ഇല്ലാത്തതിനാലും കച്ചവടക്കാർ മുന്നോട്ട് വരാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കട വാടകയ്ക്ക് കൊടുക്കുവാൻ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 2-2 ഡി.&ഒ ലൈസൻസ് പുതുക്കുന്നതിലെ കാലതാമസം അധിക ഫീസ് ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ SRO No.76/96 ചട്ടം 19, 22 പ്രകാരം ഡി. & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ താമസിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ചുമത്താവുന്നതാണ്. എന്നാൽ ഡി & ഒ ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം നേരിടുന്ന അപേക്ഷകളിൻമേൽ ചട്ടപ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷ നം. | അപേക്ഷ തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | M/s. കോട്ടക്കൽ ഗ്രാനൈറ്റ് ഇൻഡസ്ട്രി | 101/16-17 | 02.06.2016 |
| 2 | M/s. കോട്ടക്കൽ ഗ്രാനൈറ്റ് ഇൻഡസ്ട്രി | 102/16-17 | 02.06.2016 |
| 3 | സരിത. കെ.വി. | 105/16-17 | 15.06.2016 |
| 4 | നജീബ് | 104/16-17 | 02.06.2016 |
| 5 | എം. വത്സല കുമാരി | 108/16-17 | 25.05.2016 |

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിന് മുൻപായി സമർപ്പിക്കുന്നു എന്ന് ശ്രദ്ധിക്കേണ്ടതും, അല്ലാത്ത പക്ഷം താമസിച്ചു സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ അധിക ഫീസ് ചുമത്തേണ്ടതും ആണ്.

## 2-3 വസ്തുനികുതി

വസ്തുനികുതിയിനത്തിൽ കുടിശ്ശികയടക്കം ആകെ പിരിച്ചെടുക്കാനുള്ളത് 38,68,360/-രൂപ എന്നും പിരിച്ചെടുത്തത് 22,92,843/-രൂപ എന്നും ബാക്കി പിരിച്ചെടുക്കാനുള്ളത് 15,75,517/- എന്നും കാണിക്കുന്ന ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയെങ്കിലും ഇത് പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിലെ നികുതി നിർണയ പുന: ക്രമീകരണ നടപടികൾ പുരോഗമിച്ചു വരുന്നുവെന്നും സർക്കാർ നിർദ്ദേശം അനുസരിച്ച് വസ്തുനികുതി നിർണയ സോഫ്റ്റ്‌വെയറിൽ (സഞ്ചയ) കെട്ടിടങ്ങളുടെ വിവരങ്ങൾ കാലികമാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. സഞ്ചയയിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ കാലാനുസൃതമാക്കി, നികുതി നിർണ്ണയം പൂർത്തിയാക്കേണ്ടതും അവ പിരിച്ചെടുക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. നിലവിലുള്ള സഞ്ചയ സോഫ്റ്റ്‌വെയർ ജിയോമാപ്പിംഗിലൂടെ കരകുളം ഗ്രാമീണ പഠനകേന്ദ്രം തയ്യാറാക്കിയ ഭൗമ വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി വസ്തുനികുതിയിൻമേലുള്ള ഡിമാന്റ് തയ്യാറാക്കുവാൻ നടപടികൾ

കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആനാട് ഗവ. എൽ.പി.എസ്-ന് ബയോഗ്യാസ് പ്ലാന്റ് - ശുചിത്വ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം. - SO 15/17 (SO 213/16)

ഫണ്ടിനം - വികസന ഫണ്ട് (പൊതു) + ശുചിത്വ മിഷൻ വിഹിതം

നിർവഹണം - എച്ച്.എം. ആനാട് എൽ.പി.എസ്. (നേരിട്ട്)

ആകെ അടങ്കൽ - 1,70,000/- (95,000 + 75000)

ഭരണാനുമതി - 1(1)/30.08.2016 (വികസന സ്റ്റാന്റിംഗ് കമ്മിറ്റി)

ബിൽ നം. - 3/16-17 തീയതി 01.02.2017

ഏകദേശം 700 കുട്ടികൾ പഠിക്കുന്ന ആനാട് എൽ.പി. സ്കൂളിന്റെ ശുചിത്വ പരിപാലനത്തിലേക്കായി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ 2015-16-ൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും സ്പിൽ ഓവറായി 2016-17-ൽ നടത്തിയ പദ്ധതിയാണ് ഇത്. പ്രതിദിനം 75കി.ഗ്രാം. മാലിന്യ സംസ്കരണ ശേഷിയുള്ള ഫ്ലോട്ടിംഗ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ശുചിത്വമിഷന്റെ സാങ്കേതികാനുമതി ലഭിച്ചതിനെ തുടർന്ന് ശുചിത്വമിഷൻ അക്രഡിറ്റഡ് ഏജൻസിയായ പൂരം ബയോഗ്യാസ് പ്ലാന്റ്, നെടുമങ്ങാട് എന്ന സ്ഥാപനത്തിൽ നിന്ന് $10m^3$ ഫ്ലോട്ടിംഗ് ഡോം ടൈപ്പ് ബയോഗ്യാസ് പ്ലാന്റ് 1,70,000/-രൂപയ്ക്ക് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തന ക്ഷമമാണെങ്കിലും പദ്ധതി നടത്തിപ്പിൽ ശുചിത്വമിഷന്റെ 31.03.2016-ലെ 2217/സി6/2011/എസ്.എം.നമ്പർ പുതുക്കിയ സാങ്കേതികാനുമതിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

അപാകതകൾ

1. പൂരം ബയോഗ്യാസ് പ്ലാന്റ് എന്ന സ്ഥാപനവുമായി കരാർ, Annual maintenance contract എന്നിവ ഉണ്ടാക്കിയിട്ടില്ല. മദ്ധ്യ വേനൽ അവധിക്കാലമുൾപ്പെടെയുള്ള കാലം പ്ലാന്റ് തടസം കൂടാതെ പ്രവർത്തിപ്പിക്കുന്നത്, ബയോ ഗ്യാസ് പ്ലാന്റിൽ ഉണ്ടാകുന്ന സ്ലറി കാലാകാലങ്ങളിൽ ശേഖരിച്ച് വളമായി ഉപയോഗിക്കാനുള്ള സംവിധാനം എന്നിവ സംബന്ധിച്ച് മാർഗ്ഗരേഖ സേവന ദാതാക്കൾ സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടില്ല.
2. പ്ലാന്റിന്റെ നിർമ്മാണ വേളയിൽ സർക്കാർ ഉത്തരവ് നം.സാധാ.1597/2012/ത.സ്വ.ഭ.വ.

തീയതി 12.06.2012 പ്രകാരമുള്ള മാനദണ്ഡ പ്രകാരമാണോ എന്ന് പഞ്ചായത്ത് അസി. എഞ്ചിനീയർ പരിശോധിച്ച് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. എന്നാൽ പ്രസ്തുത സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 11-ാം നമ്പർ അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ, പ്ലാന്റിന്റെ വിവിധ നിർമ്മാണ ഘട്ടങ്ങൾ അസി. എഞ്ചിനീയർ നേരിട്ട് പരിശോധിച്ചിട്ടുള്ളതാണെന്നും വാല്യുവേഷൻ സർട്ടിഫിക്കറ്റ് വൈകാതെ ഹാജരാക്കിക്കൊള്ളാമെന്നും പറഞ്ഞിരിക്കുന്നു.

3. ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണവും പ്രവർത്തന പുരോഗതിയും വിലയിരുത്തുന്നതിന് മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും സമിതിയുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്യാസ് ഹോൾഡർ ഫ്ലോട്ട് ചെയ്യുന്ന ഫെർമെന്റേഷൻ സ്ലറിയിൽ പുഴുക്കൾ നിറഞ്ഞ് വൃത്തിഹീനമായി കാണുന്നു. കൊതുക് മുട്ടയിട്ട് പെരുകാനും അതുവഴി പ്രദേശത്താകമാനം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കാൻ ഇടയാക്കുന്ന ഈ സാഹചര്യം മോണിട്ടറിംഗ് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയോ, അതിനുവേണ്ട പരിഹാരങ്ങൾ പ്ലാന്റ് ഏജൻസിയുമായി ചേർന്ന് നടത്തിയിട്ടോ ഇല്ല.
4. ശുചിത്വമിഷൻ മാർഗരേഖയിലെ 6-ാം ഇനമായി പറഞ്ഞിരിക്കുന്ന പ്രകാരം ടി പദ്ധതി ശുചിത്വമിഷന്റെ സാമ്പത്തിക സഹായത്താൽ സ്ഥാപിച്ചതാണെന്ന് തെളിയിക്കുന്ന സ്റ്റിക്കർ/ബോർഡ് പതിപ്പിച്ചിട്ടുണ്ടെന്ന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

## 3-2 വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം - പദ്ധതി നടപ്പിലാക്കിയില്ല

പദ്ധതി നം. - S0156/17 (പൊതു)

നിർവ്വഹണം - ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നേരിട്ട്)

ഫണ്ടിനം - വികസന ഫണ്ട് (ജനറൽ)

ആകെ അടങ്കൽ - 9,50,000/-

ഭരണാനുമതി - 1(1)/30.08.2016 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

സാധ്യതാ പഠനം നടത്താതെയുള്ള പദ്ധതി രൂപീകരണം മൂലം വികസന ഫണ്ടിൽ നിന്നും 9,50,000/-രൂപ ആകെ അടങ്കൽ വകയിരുത്തിയ ഈ പദ്ധതി ലക്ഷ്യം കാണാതെ പരാജയപ്പെട്ടു. ഗ്രാമപ്രദേശത്തെ ജനങ്ങൾക്ക് പ്രയോജനപ്രദമാകും വിധം ഗുണഭോക്താക്കളുടെ ലഭ്യത പരിശോധിച്ചും ദീർഘ വീക്ഷണത്തോടെ പദ്ധതികൾ തയ്യാറാക്കാത്തതു മൂലം പഞ്ചായത്തിന്റെ പല പദ്ധതികളും പൂർണ്ണ വിജയമാകുന്നില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

SO156/17 പദ്ധതി പ്രകാരം പഞ്ചായത്തിലെ നിർദ്ധനരായ, തൊഴിലില്ലാത്ത സ്ത്രീകൾക്ക് ഓട്ടോറിക്ഷ നൽകി വരുമാന ദായകരാക്കുക എന്ന ലക്ഷ്യത്തോടെ 19 പേർക്ക് 50,000/-രൂപ നിരക്കിൽ ബാക്ക് എൻഡ് സബ്സിഡിയായി നൽകാൻ വികസന ഫണ്ട് (പൊതു)ൽ നിന്ന് 9,50,000/-രൂപ ആകെ അടങ്കൽ വകയിരുത്തിയ ഈ പ്രോജക്ട് അർഹരായ ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 2-ാം നമ്പറായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ മറുപടിയിൽ വനിതാഘടകം പദ്ധതിയുടെ നിബന്ധനകൾ അനുസരിച്ച് (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തതും, ബാഡ്ജ് നിലവിലുള്ളതുമായ വനിതാ ഗുണഭോക്താക്കൾ) ഗുണഭോക്താക്കളെ ലഭിക്കാത്തതു മൂലം നടത്താൻ കഴിഞ്ഞില്ല എന്ന് വിശദീകരിച്ചിട്ടുണ്ട്. പുതുക്കിയ പദ്ധതി മാർഗ്ഗരേഖ GO(MS)4/2016/ത.സ്വ.ഭ.വ. തീയതി 11.01.2016 പ്രകാരം 6.15 (ivഇ) പ്രകാരം സർക്കാർ ഫണ്ടുകൾ ജനങ്ങൾക്ക് പ്രയോജനപ്പെടുംവിധം പദ്ധതി ആവിഷ്കരിക്കുകയും മുൻവർഷം/മുൻവർഷങ്ങളിൽ പരാജയമെന്ന് ബോധ്യമാകുന്ന പദ്ധതികൾക്ക് സമാനമായ പദ്ധതികൾ വീണ്ടും ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ പരാജയകാരണങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും കണ്ടെത്തിയ ശേഷം മാത്രം പദ്ധതി തയ്യാറാക്കേണ്ടതും ആണ്.

## 3-3 വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പദ്ധതികളിലെ അപാകതകൾ

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ പദ്ധതികളിൽ പലതും ലക്ഷ്യപ്രാപ്തി കൈവരിച്ചോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ രേഖകൾ ഒന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഉദാഹരണമായി എസ്.സി. വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് പെണ്ണാട് വിതരണം എന്ന പദ്ധതി (SO146/17) 5 ഗുണഭോക്താക്കൾക്ക് 15,000/-രൂപ നിരക്കിൽ പദ്ധതി വിഹിതം ചെലവഴിച്ചിട്ടുണ്ട് (Bill No.P06/16-17 dt.27.03.2017 & Bill No.P09/16-17 25.03.17) എങ്കിലും, ഗുണഭോക്താക്കൾക്ക് ആടുകളെ ലഭ്യമാക്കിയത് സംബന്ധമായ തെളിവുകളോ, അവയെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പല പദ്ധതികളിലും ഗുണഭോക്താക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് കാണുന്നു. എസ്.സി. വനിതകൾക്ക് മുട്ടക്കോഴി വിതരണം പദ്ധതി SO145/17-ൽ 19 വാർഡുകളിലായി 193 ഗുണഭോക്താക്കൾക്ക് 7 കോഴികളെ വീതം വിതരണം ചെയ്യുന്നതിനായി വികസന ഫണ്ട് (SCP) 96,500/- രൂപ വകയിരുത്തിയെങ്കിലും (38600/-രൂപ ഗുണഭോക്തൃ വിഹിതം, ആകെ അടങ്കൽ 1,35,100/-) ആകെ 11 ഗുണഭോക്താക്കളെ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 19 ഗുണഭോക്താക്കൾക്ക് വേണ്ടി വിഭാവനം ചെയ്ത പദ്ധതി SO146/17-ന് ആകെ 5 ഗുണഭോക്താക്കളെ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ഉല്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയെ ലക്ഷ്യമാക്കി, വ്യത്യസ്ത വിഭാഗങ്ങളുടെ സജീവ പങ്കാളിത്തം പദ്ധതി ആസൂത്രണത്തിൽ ഉറപ്പു വരുത്തി പദ്ധതികൾ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കേണ്ടതാണ്.

## **3-4** പി.എച്ചി.സി.ക്ക് മരുന്നു വാങ്ങൽ - **1,22,327/-** രൂപ തടസ്സം വയ്ക്കുന്നു.

പ്രോജക്റ്റ് നമ്പർ - 50/17 പി.എച്ച്.സി.ക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക - 2,00,000/-

ചെലവ് - 2,00,000/-

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ PHC

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ നമ്പർ - 203520067 തീയതി 28.02.2017

ടി പദ്ധതിയുമായി ബന്ധപ്പെട്ട് 2,00,000/- രൂപ കാരുണ്യ മെഡിസിൻ ഡിപ്പോ, തേവള്ളി പാലത്തിനു സമീപം, കൊല്ലം എന്ന സ്ഥാപനത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ താഴെപ്പറയും പ്രകാരം 77,673/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ.

| ക്രമ | ഇൻവോയ്സ്/ക്യാഷ്ബിൽ | തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| നം. | നമ്പർ | | |
| 1 | 7473 | 29.03.2017 | 41973 |
| 2 | 506 | 06.05.2017 | 35700 |
| ആകെ | | | 77673 |

ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9 തീയതി 29.06.2017) GST യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണമാണ് മരുന്ന ലഭ്യമാകാൻ വൈകുന്നതെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ മരുന്ന് ലഭിക്കാൻ ബാക്കിയുള്ള തുക 1,22,327/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പാലിയേറ്റീവ് കെയർ - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ - 2,35,000/- തടസ്സം വയ്ക്കുന്നു

പ്രോജക്ട് നമ്പർ - 11/2017

അടങ്കൽ തുക - 8,46,000/-

ചെലവ് തുക - 8,46,000/-

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ആനാട്

ഫണ്ടിനം - വികസന ഫണ്ട് - 7,46,000/-

ബ്ലോക്ക് വിഹിതം - 1,00,000/-

പദ്ധതിയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഘടകങ്ങളുടെ നടത്തിപ്പിൽ അപാകങ്ങളുള്ളതായി കണ്ടു.

(i) അലോപ്പതി മരുന്ന വാങ്ങൽ

ചെലവ് - 2,35,000/-

ബിൽ നം. - 0203520067 തീയതി 28.02.2017

പദ്ധതികളുമായി ബന്ധപ്പെട്ട് അലോപ്പതി മരുന്ന് വാങ്ങുന്നതിന് 2,35,000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനം 63,000/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ (ഇൻവോയ്സ് നമ്പർ 505 തീയതി 06.05.2017). ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9 തീയതി 29.06.2017) GST വിഷയവുമായി ബന്ധപ്പെട്ട് ടി സ്ഥാപനത്തിന് മരുന്ന് ലഭ്യമായിത്തുടങ്ങിയില്ലായെന്നും പ്രശ്നം പരിഹരിച്ച് ഉടൻതന്നെ മരുന്ന് ലഭ്യമാക്കുന്നതാണെന്ന് ടി സ്ഥാപനം അറിയിച്ചിട്ടുള്ളതായും

മെഡിക്കൽ ഓഫീസർ അറിയിച്ചു. 1,72,000/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ii). പാലിയേറ്റീവ് കെയർ അനുബന്ധ സാമഗ്രികൾ വാങ്ങൽ

ചെലവ് തുക - 63,000/-

ബിൽ നമ്പർ - 0203520067 തീയതി 28.02.2017

ടി പദ്ധതിയുമായി ബന്ധപ്പെട്ട് 63,000/-രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ സാമഗ്രികൾ ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 9 തീയതി 29.06.2017) GST യുമായി ബന്ധപ്പെട്ട വിഷയമുള്ളതിനാലാണ് താമസമുണ്ടാകുന്നതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു.

തുക കൈമാറിക്കഴിഞ്ഞ് മരുന്ന്/സാധന സാമഗ്രികൾ അനിശ്ചിതമായി ലഭ്യമാക്കാതിരിക്കുന്നത് ഗുണഭോക്താക്കൾക്ക് അതിന്റെ ഗുണം ലഭിക്കാതെ പോകുന്നു. ആയതിനാൽ പണം മുൻകൂർ നൽകാതിരിക്കുകയോ അല്ലെങ്കിൽ നിശ്ചിത ദിവസത്തിനുള്ളിൽ ഓർഡർ പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള കരാർ ചമയ്ക്കുന്നതോ ഉചിതമായിരിക്കും.

മരുന്നുകൾ/സാധന സാമഗ്രികൾ ലഭ്യമാക്കാത്തതിനാൽ (172000 + 63000) 2,35,000/-രൂപ തടസ്സം വയ്ക്കുന്നു. തടസ്സം ഒഴിവാക്കുന്നതിന് മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 പാലിയേറ്റീവ് കെയർ - ജില്ലാ പഞ്ചായത്ത് വിഹിതം കൈകമാറിയ തുക - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

പ്രോജക്ട് നമ്പർ - 52/17

അടങ്കൽ തുക - 1,00,000/-

ചെലവ് തുക - 1,00,000/-

ഫണ്ട് - വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം)

ബിൽ നമ്പർ - 02035200 തീയതി 04/03/2017

ടി പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 സെക്രട്ടറി മുഖേന നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

1) GIS മാപ്പിംഗ് (ഭൗമ വിവര പഞ്ചായത്ത്)

പ്രോജക്റ്റ് നം. - SOO29/17

അടങ്കൽ തുക - 3,40,000/-

ചെലവ് തുക - 3,40,000/-

ആനാട് ഗ്രാമപഞ്ചായത്തിനെ ജിയോ ഇൻഫർമാറ്റിക്ക് പഞ്ചായത്ത് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കരകുളം ഗ്രാമീണ പഠനകേന്ദ്രം മുഖേന തയ്യാറാക്കിയിട്ടുണ്ട്. തയ്യാറാക്കപ്പെട്ട വിവരങ്ങൾ പഞ്ചായത്തിൽ നിലവിൽ ഉള്ള വിവരങ്ങളുമായി (ആസ്തി രജിസ്റ്റർ, സഞ്ചയ സോഫ്റ്റ്‌വെയർ) ഒത്തു നോക്കിയതിന്റെ വിവരങ്ങളും, ഭരണസമിതി പദ്ധതി വിലയിരുത്തലിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. തയ്യാറാക്കപ്പെട്ട വിവരങ്ങളുടെ വിലയിരുത്തലുകൾ പഞ്ചായത്ത് അധികൃതർ അടിയന്തിരമായി നടത്തേണ്ടതും ഭൗമ വിവര പഞ്ചായത്തായി മാറുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2). ജനറൽ വാങ്ങൽ

പ്രോജക്റ്റ് നമ്പർ - SO 0076/17

അടങ്കൽ തുക - 5,00,000/-

ചെലവ് തുക - 4,89,075/-

പഞ്ചായത്ത് ഓഫീസിനായി ടെണ്ടർ നടപടികളിലൂടെ സിഡ്കോയിൽ നിന്ന് ജനറേറ്റർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ ഈ ജനറേറ്റർ ഇൻസ്റ്റാൾ ചെയ്ത് കമ്മിഷൻ ചെയ്തിട്ടില്ല. പഞ്ചായത്തിനായുള്ള പുതിയ കെട്ടിടം പൂർത്തിയാക്കുന്നതിനു മുൻപായി ആവശ്യമുള്ള സ്പെസിഫിക്കേഷൻ കണക്കാക്കാതെയുള്ള ജനറേറ്റർ വാങ്ങൽ നടപടി ശരിയായ ഗുണം ലഭിക്കണമെന്നില്ല. ജനറേറ്റർ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ ദ്രുതഗതിയിൽ നടത്തേണ്ടതാണ്.

## 3-8 ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമല്ല

പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറിക്ക് അടിസ്ഥാന സൗകര്യം പരിമിതമാണ്. ലൈബ്രറിക്ക് മതിയായ അലമാരകളുടെ അപര്യാപ്തത പുസ്തകങ്ങൾ കേടാകുന്നതിന് കാരണമാകുന്നു. ലൈബ്രറിയുടെ സ്ഥാനം ഇടക്കിടക്ക് മാറുന്നത് കാരണം അംഗങ്ങൾക്ക് ഇത് പ്രയോജനപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. പുസ്തകങ്ങൾ ചാക്കിൽ കെട്ടി സൂക്ഷിച്ചിരിക്കുന്നത് നശിക്കുന്നതിന് കാരണമാകുന്നു. ലൈബ്രറി രസീതിൽ തീയതി

എഴുതുകയും കളക്ഷൻ അതതു ദിവസം പഞ്ചായത്താഫീസിൽ അടയ്ക്കേണ്ടതുമാണ്.

## 3-9 അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം

ആനാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ആകെ 30 അങ്കണവാടികളിൽ ചുവടെ ചേർത്തിട്ടുള്ള 10 അങ്കണവാടികൾക്ക് ജല ലഭ്യത ഇല്ല.

1. കസ്തൂർബ
2. കല്ലടക്കുന്ന്
3. മെത്തോട്
4. കല്ലിയോട്
5. വാഴവിള
6. വേട്ടമ്പള്ളി
7. വേട്ടമ്പള്ളി ലക്ഷം വീട്
8. കൈതക്കാട്
9. മൈലമൂട്
10. പണ്ടാരക്കോണം

സ്വന്തമായി കെട്ടിടമില്ലാത്ത ഏഴ് അങ്കണവാടികളാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്.

1. മൂഴി
2. കൊച്ചാട്ടുകാൽ
3. താഴ്ന്നമല
4. ഊരാളിക്കോണം
5. വേങ്കവിള
6. വടക്കേല
7. കൊല്ല

പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം സേവന മേഖലയിൽ പൊതു വിഭാഗത്തിൽ 2,65,55,454/-രൂപ വകയിരുത്തിയിരുന്നെങ്കിലും 1,84,33,924/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ

ഉതകുന്ന തരത്തിലുള്ള പദ്ധതികൾ 2016-17 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തിട്ടില്ല. അടങ്കൽ തുകയുടെ 30%ത്തോളം അവശേഷിക്കുന്ന ഇത്തരം സാഹചര്യം ഭാവിയിൽ ഉണ്ടാവാതാരിക്കാൻ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയ തിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. ചെക്ക്നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്റ്റ് നം.135<br>30-ാം നമ്പർ അങ്കണവാടിക്ക് പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകൽ | | 30410 | 30410 (NR) | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| | | | ബാക്കി യുണ്ടാ യിരുന്ന തുക | | | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ. എം. എസ്. ഭവന പദ്ധതി | സ.ഉ.(എം.എസ്.)275/10 തീയതി 27.01.2010 | 15651000 | 6179953 | 1565100 | - | 4614853 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,60,87,558/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,59,08,037/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 41,352/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |

| | | |
|---|---|---|
| | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,57,327/- |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ക്രം നം. | ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1 | 3-4 | 1,22,327/- | ഡോ. മനോജ് കുമാർ. പി.ആർ.<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 2 | 3-5 | 2,35,000/- | ഡോ. മനോജ് കുമാർ. പി.ആർ.<br>മെഡിക്കൽ ഓഫീസർ പി.എച്ച്.സി |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.6/649/03 തീയതി 12.06.2014 | 6, ഖണ്ഡിക 51 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | |
| 2001-02 (വരവ്) | എൽഎഫ്.റ്റിഡി.ജി.പി.6/2009 /06/തീയതി 1.08.2014 | ഇല്ല | |
| 2001-02 (ചെലവ്) | എൽഎഫ്.റ്റിഡി.ജി.പി.6/1372 /11തീയതി 12.06.2014 | 2<br>ഖണ്ഡിക 42 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട് | |
| 2002-03 | എൽഎഫ്.റ്റിഡി.ജി.പി.6/210 /2006തീയതി 12.6.2014 | 3 | |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.6/243 /2009തീയതി 12.6.2014 | 1 | |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.6/244 /2009തീയതി 12.6.2014 | 1 | |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.6/245/2009 തീയതി12.6.2014 | 2 | |
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.6/217 /2010തീയതി 12.6.2014 | 2 | |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.6/221/2010 തീയതി 12.6.2014 | 1 | |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.6/1373/2011 തീയതി 12.6.2014 | 1 | |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.6/1372/11 തീയതി 12.6.2014 | 2 | |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.6/1854/13 തീയതി 29.11.2013 | 15 | |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.6/1917/13 തീയതി 31.10.2014 | 11 | |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.6/1245/14 തീയതി 2.2.2015 | 16 | |
| 2013-14 | കെ.എസ.എ.റ്റി.വി.എം./ജി.പി.1 /1116/15 തീയതി 15.10.2015 | 10 | |
| 2014-15 | കെ.എസ.എ.റ്റി.വി.എം./ജി.പി.6 /814/2016 തീയതി 02.6.2016 | 38 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ.എ.റ്റി.വി.എം./ജി.പി.6 /2171/2016 തീയതി 26.12.2016 | 22 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ആനാട് ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകളുടെ സംഗ്രഹം

1. 2015-16-ലെ AFS പ്രകാരമുള്ള "എക്സസ് ഓഫ് ഇൻകം ഓവർ എക്സ്പെൻഡിച്ചർ' ലെ നീക്കിയിരിപ്പ് 2016-17-ലെ Trial balance-ലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
2. വസ്തുനികുതി സംബന്ധമായി പഞ്ചായത്ത് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങളിലെ ഡിമാന്റ്, ബാലൻസ് തുകകൾ AFS-ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്